# സിയോൺ എൽ.പി.എസ്.

## കരുവാറ്റാ



# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1. വിദ്യാലയത്തിന്റെ പേര് | : ZION L.P.S, KARUVATTA |
| 2. വിലാസം | : താമല്ലാക്കൽ പി.ഒ. |
| | : ഹരിപ്പാട് 690 548 |
| 3. ഫോൺ നം. | : 9847932982 |
| 4. പ്രധാനാധ്യാപകന്റെ പേര് | : വർഗീസ് തോമസ് ആർ |
| 5. വില്ലേജ് | : കുമാരപുരം |
| 6. പഞ്ചായത്ത് | : കുമാരപുരം |
| 7. വാർഡ് നമ്പർ | : VI |
| 8. ബ്ലോക്ക് പഞ്ചായത്ത് | : ഹരിപ്പാട് |
| 9. ജില്ല | : ആലപ്പുഴ |
| 10. വിദ്യാഭ്യസ ഉപജില്ല | : അമ്പലപ്പുഴ |
| 11. സ്ക്കൂൾ കോഡ് | : 35322 |
| 12 വിദ്യാഭ്യസ ജില്ല | : ആലപ്പുഴ |
| 13. താലൂക്ക് | : കാർത്തികപ്പള്ളി |
| 14. ബി.ആർ.സി | : അമ്പലപ്പുഴ |
| 6. സി.ആർ.സി | : എരിയ്ക്കാവ് യു.പി.എസ്സ്. |

**അദ്ധ്യാപകർ:**

**എച്ച്.എം** –1

എൽ.പി.എസ്സ്. എ. 1

ദിവസ വേതന അധ്യാപകർ 2

ക്ലാസ്സ് മുറികൾ 5

ഓഫീസ് റൂം 1

# ഉള്ളടക്കം

ഇനം | പേജ് നം.


1. ആമുഖം
2. ലക്ഷ്യങ്ങൾ
3.വിദ്യാലയത്തിന്റെ ലഘുചരിത്രം
4. വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്
5. പദ്ധതി രൂപീകരണ പ്രക്രിയ- വിവിധ ഘട്ടങ്ങൾ
6. നിലവിലെ അവസ്ഥാവിശകലനം-മേഖല-അക്കാദമികം, ഭൗതികം, സാമൂഹികം
7. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ
8. പദ്ധതി വിശദാംശങ്ങൾ
9. പ്രതീക്ഷിത നേട്ടങ്ങൾ
10. അവലോകനവും മോണിറ്ററിംഗും
11. ഉപസംഹാരം

# ആമുഖം

1930 ൽ ഇന്ത്യാ ദൈവസഭയുടെ ആഭിമുഖ്യത്തിൽ സമൂഹത്തിന് ഉദ്ധാരണം നൽകുക എന്ന ലക്ഷ്യത്തെ മുൻ നിർത്തിയാണ് സിയോൺ എൽ. പി. സ്കൂൾ കുമാരപുരം ഗ്രാമപഞ്ചായത്തിന്റെ വടക്കുഭാഗത്ത് കരുവാറ്റാ ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ളത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ വിദ്യാലയത്തിൽ ദീർഘകാല കാഴ്ചപ്പാടോടുകൂടിയ സമഗ്ര വിദ്യാലയ വികസന പദ്ധതി രൂപീകരിക്കേണ്ടതുണ്ട്. ഭൗതികവും അക്കാദമികവും സാമൂഹികവുമായ മേഖലകളിലെ വികസനം സാധ്യമാക്കുന്നതിന് സഹായകമായ കർമപദ്ധതികൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് നമ്മുടെ വിദ്യാലയ വികസന പദ്ധതി രൂപീകരിച്ചിട്ടുള്ളത്. ഇവയിൽ അക്കാദമിക മികവിലൂന്നിയുള്ള പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യം നൽകിയിട്ടുള്ളത്. അധ്യാപകർ, രക്ഷിതാക്കൾ, പൂർവ്വവിദ്യാർത്ഥികൾ , വിവിധ സാമൂഹ്യ രാഷ്ട്രീയ സാംസ്കാരിക സന്നദ്ധക്കൂട്ടായ്മയിലൂടെയാണ് ഈ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

വിദ്യാലയത്തെയും, വിദ്യാർത്ഥികളെയും , അധ്യാപകരെയും അംഗീകരിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള പ്രവർത്തന പാക്കേജുകൾക്ക് രൂപം നൽകിയിട്ടുണ്ട്. കുട്ടികളുടെ ഭാഷാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ അക്കാദമിക മേഖലയിലും , ജൈവ കൃഷിയിടം , പച്ച പന്തലുകൾ എന്നീ ഭൗതികമേഖലയിലൂന്നിയുള്ള പ്രവർത്തനങ്ങളും ലൈബ്രറി ശാക്തീകരണം, പൂർവ്വവിദ്യാർത്ഥി സംഘടനാ പ്രവർത്തനങ്ങൾ , പി.റ്റി.എ. ശാക്തീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ സാമൂഹിക മേഖലയിലും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

# ലക്ഷ്യങ്ങൾ

ഒന്ന് മുതൽ നാല് വരെ ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും അന്താരാഷ്ട്ര നിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തുക.

കണക്ക്, സയൻസ്, ഭാഷ, ഐ ടി വിഷയങ്ങളിൽ ധാരണയും കഴിവും നേടണം. പഠന വിഷയങ്ങളിൽ ആശയ ദൃഢത ഉണ്ടാകണം

സാമൂഹ്യരംഗത്തെ ധാരണ, പരിസ്ഥിതി ജ്ഞാനം തുടങ്ങിയവ കൈവരിക്കണം.

പാഠ്യേതര വിഷയങ്ങളിൽ വൈവിധ്യവും ആർജവവും വേണം

ഓരോ കുട്ടിയും ചുരുങ്ങിയത് മൂന്നു ഭാഷകളിലെങ്കിലും ഭാഷാ ജ്ഞാനവും ആശയ വിനിമയ ശേഷിയും നേടണം.

പ്ലാസ്റ്റിക് മുക്ത- കീടനാശിനി മുക്തലഹരി മുക്തകാമ്പസുകൾ സൃഷ്ടിക്കുന്നു.

അന്താരാഷ്ട്ര പഠന നിലവാരം ഉറപ്പു വരുത്തുന്നതിന് ആവശ്യമായ പഠനോപകരണങ്ങൾ വിദ്യാലയത്തിൽ എത്തിക്കുന്നു.

സ്കൂൾ തലത്തിൽ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് ഇല്ലാത്ത അവസ്ഥ നേടുന്നു.

# ചരിത്രം

വിദ്യാഭ്യാസത്തിലൂടെ സമൂഹത്തിലെ എല്ലാവർക്കും അറിവ് ലക്ഷ്യമാക്കി അതിലൂടെ അവരെ നല്ല മനുഷ്യരാക്കി മാറ്റുക എന്ന മിഷനറി ദർശനം ഇതിന്റെ സ്ഥാപക നേതാക്കൾ പുലർത്തിയിരുന്നു. കൊച്ചുകരുന്നാട്ട് സ്കൂൾ, കോട്ടേപ്പടിക്കൽ സ്കൂൾ എന്നീ പേരുകളിലാണ് നാട്ടുകാർ ഈ സ്കൂളിനെ വിളിക്കുന്നത്. കയർ തൊഴിലാളികൾ, കർഷകതൊഴിലാളികൾ, മത്സ്യതൊഴിലാളികൾ, പപ്പടനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർ, കൂലിവേലക്കാർ, എന്നിവർ താമസിക്കുന്ന ഒരു ഇടത്തരം ഗ്രാമത്തിലാണ് ഈ സ്കൂൾ സ്ഥിതി ചെയ്യുന്നത്. മാറി മാറി വരുന്ന സാമൂഹിക പശ്ചാത്തലത്തിനനുസരിച്ചും വിദ്യാഭ്യാസരീതികൾക്കനുസരിച്ചും ഒപ്പം സഞ്ചരിക്കാൻ ശ്രമിക്കാറുണ്ട്. കഴിഞ്ഞ വർഷം കുട്ടികളുടെ എണ്ണം വർദ്ധിച്ചത് രക്ഷിതാക്കളിൽ ഉള്ള അംഗീകാരമായി ഞങ്ങൾ കാണുന്നു. പഠന നിലവാരത്തിലും പാഠ്യേതരപ്രവർത്തനങ്ങളിലും മുന്നേറാൻ ശ്രമിക്കാറുണ്ട്. എങ്കിലും അതിവേഗം ബഹുദൂരം സഞ്ചരിക്കാൻ ഇനിയും ഉണ്ട്. വരും വർഷങ്ങളിൽ നിരന്തരമായ പ്രവർത്തനങ്ങളിൽ കൂടി അനാദായകരമായ സ്കൂൾ എന്ന നിലയിൽ നിന്ന് കുട്ടികളുടെ എണ്ണം വർദ്ധിപ്പിച്ച് ആദായകരമായ സ്കൂൾ എന്ന നിലയിലേക്ക് ഉയർത്തുവാൻ ഞങ്ങൾ ശ്രമിക്കും.

വിദ്യാഭ്യാസത്തിന്റെ ജനാധിപത്യ വൽക്കരണം അർത്ഥപൂർണ്ണമാകുന്നു.

സ്ക്കൂൾ കുട്ടികൾക്ക് കൗൺസിലിംഗ് സൗകര്യങ്ങൾ ഉണ്ടാകുന്നു.

പൊതു വിദ്യാലയങ്ങളെ പൊതുസമൂഹത്തിന്റെ പിൻബലത്തോടെയും പിന്തുണയോടെയും അർത്ഥപൂർണ്ണമായ പങ്കാളിത്തത്തോടെയും മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നു.

# വിദ്യാലയം മികവിന്റെ കേന്ദ്രം-കാഴ്ചപ്പാട്

പാഠപാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

ശുചിത്വം, ദീനാനുകമ്പ തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകപരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസ്സിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

പാരിസ്ഥിതികാവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് കൈമാറേണ്ട ഭൂമിയിലെ താത്ക്കാലിക വാസികൾ മാത്രമാണ് മനുഷ്യൻ എന്ന അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.

## പദ്ധതി രൂപീകരണപ്രക്രിയ വിവിധ ഘട്ടങ്ങൾ

ആദ്യം നിലവിലുള്ള വിദ്യാലയത്തിന്റെ അവസ്ഥ വിശകലനം ചെയ്തു. പിന്നീട് എസ്.ആർ.ജി യോഗം കൂടി സമഗ്രവികസനകാഴ്ചപ്പാട് ചർച്ചചെയ്തു. തുടർന്ന് വികസനത്തിനായി ഇനി എന്തെല്ലാം കാര്യങ്ങൾ വേണമെന്നും അത് എങ്ങനെ ഫലവത്താക്കണമെന്നും ചർച്ചചെയ്ത് എഴുതി തയ്യാറാക്കി. തുടർന്ന് അധ്യാപകരുടെ നേതൃത്വത്തിൽ വിദ്യാലയത്തിന്റെ വികസനാവശ്യങ്ങൾ ചർച്ചചെയ്ത് ഓരോ വിഷയാടിസ്ഥാനത്തിൽ ഭൗതികം, അക്കാദമികം, സാമൂഹികം എന്നിങ്ങനെ എഴുതി തയ്യാറാക്കി.ശേഷം കരട് നിർദേശങ്ങൾ ചർച്ചചെയ്യുന്നതിനായി വിദ്യാലയ വികസന കാഴ്ച്ചപ്പാട് , പദ്ധതി രൂപീകരണ ശില്പശാല സംഘടിപ്പിക്കാൻ തീരുമാനിച്ചു. അതിൽ എസ്.ആർ.ജി., എസ്.എം.സി, പി.ടി.എ. എം. പി.ടി.എ. വാർഡ് മെമ്പർ എന്നിവരെ ഉൾപ്പെടുത്തി. കരട് വിദ്യാലയ വികസനപദ്ധതിയുടെ മേഖല തിരിച്ച് വികസന നിർദ്ദേശങ്ങൾ അവതരിപ്പിച്ച് വേണ്ടവിധം ചർച്ചചെയ്തു. ശേഷം വിദ്യാഭ്യാസ വകുപ്പ് മുന്നോട്ട് വച്ച ആശയങ്ങൾ ഉൾക്കൊള്ളിച്ച് ഞങ്ങളുടെ സ്കൂളിനെ വിലയിരുത്തി മെച്ചപ്പെടുത്തി കരട് മേഖലകളിൽ ഉൾപ്പെടുത്തിയ ഓരോ പദ്ധതിയുടെയും നടത്തിപ്പുമായി ബന്ധപ്പെട്ട് ചുമതലക്കാരെ നിശ്ചയിച്ചു. ശേഷം ഓരോരുത്തരും നിശ്ചിത ഫോർമാറ്റിൽ പദ്ധതിയുടെ കരട് മെച്ചപ്പെടുത്തി എഴുതിയശേഷം ഓരോരുത്തരും എഴുതി തയ്യാറാക്കിയ വിവരങ്ങൾ എസ്.എം. സി., / പി.ടി.എയുടെ നേതൃത്വത്തിൽ ക്രോഡീകൃത രേഖ തയ്യാറാക്കി ഡി.ടി.പി. എടുക്കാൻ തീരുമാനിച്ചു. ശേഷം വിദ്യാലയത്തിൽ പ്രവർത്തിക്കുന്ന വിവിധ കമ്മിറ്റിയംഗങ്ങൾ മറ്റ് രക്ഷിതാക്കൾ, പൊതുജനങ്ങൾ, തുടങ്ങി പരമാവധി ആളുകളെ പങ്കെടുപ്പിച്ച് ഏകദിനവികസന സെമിനാർ സംഘടിപ്പിച്ചു. ശേഷം വികസനപദ്ധതികൾ ചർച്ചചെയ്ത് മുൻഗണനാക്രമം നിശ്ചയിച്ചു. വിദ്യാലയ വികസന രേഖ പി.ടി.എ.യിൽ പ്രകാശനം ചെയ്തു.

# അവസ്ഥാ വിശകലനം

അക്കാദമിക പ്രവർത്തനങ്ങളിൽ മികച്ച നിലവാരം പുലർത്തുന്നുണ്ട്. എൽ. എസ്. എസ്. , ക്വിസ് മത്സരങ്ങൾ, ജി.കെ., പ്രവർത്തി പരിചയം എന്നിവയിൽ പരിശീലനം നൽകുന്നുണ്ട്. കലാമേളയിലും കായികമേളയിലും പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. പഠനപ്രവർത്തനങ്ങൾക്കൊപ്പം തന്നെ കുട്ടികളുടെ വിവിധ സർഗ്ഗാത്മകത കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള കൂടുതൽ അവസരങ്ങൾ നൽകുന്നുണ്ട്. പഠനയാത്ര, ബോധവൽക്കരണക്ലാസ്സുകൾ, വിവിധ ദിനാചരണ പ്രവർത്തനങ്ങൾ ജനകീയ പങ്കാളിത്തത്തോടെയുള്ള ആഘോഷപരിപാടികൾ എന്നിവ നടത്തിവരുന്നു. പഠനപുരോഗതിക്കായി നിരവധി അക്കാദമിക പ്രവർത്തനങ്ങൾ സ്ക്കൂളിൽ നടത്തി വരുന്നുണ്ട്. ആഴ്ചയിൽ രണ്ടു ദിവസം അസംബ്ലി നടത്തിവരുന്നു. ഭൗതിക സൗകര്യങ്ങളിലെ പരിമിതികൾ പഠനത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുപോലെ തന്നെ ഒന്നാം ക്ലാസ്സിലെ കുട്ടികൾക്കായി മണ്ണെഴുത്ത് പരിപാടി സംഘടിപ്പിക്കുന്നുണ്ട്. വായനക്കാർഡുകൾ കൊടുത്ത് വായിക്കാൻ ശ്രമിക്കുന്നു. മലയാളവുമായി ബന്ധപ്പെട്ട് മലയാളത്തിളക്കം, അതുപോലെതന്നെ Hellow English ശ്രദ്ധ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ പത്രവായന, ക്ലാസ്സ്റൂം ലൈബ്രറി തുടങ്ങിയ സജ്ജീകരണങ്ങളും ഒരുക്കിയിട്ടുണ്ട്.

ഭൗതിക സാഹചര്യങ്ങളുമായി ബന്ധപ്പെട്ട് സ്ക്കൂൾ ഭക്ഷണപരിപാടി നല്ല രീതിയിൽ നടത്താൻ കഴിയുന്നു. ആഴ്ചയിൽ 1 ദിവസം മുട്ട, 2 ദിവസം പാൽ എന്നിവ വിതരണം ചെയ്യുന്നു. പോഷക സമൃദ്ധമായ ആഹാരങ്ങൾ ഉൾപ്പെടുത്തുന്നു.

ക്ലാസ് മുറികൾ ആകർഷകമുള്ളവയും ടൈലുകൾ പാകിയ തറ, ചിത്രങ്ങൾ അടങ്ങിയഭിത്തികൾ എന്നിങ്ങനെ സൗകര്യപൂർണമാണ്. കുട്ടികൾക്ക് കളിക്കാനായി സ്കൂൾ ഗ്രൗണ്ടിൽ ഊഞ്ഞാലും ലഭ്യമാക്കിയിട്ടുണ്ട്. അത്യാവശ്യം പച്ചക്കറികൃഷിയും ഉൾപ്പെടുത്തിയിട്ടുണ്ട്.

സാമൂഹിക മേഖലയുമായി ബന്ധപ്പെട്ട് ക്ലാസ്സ് പി.റ്റി.എ. യോഗം കൂടുന്നു. സ്കൂൾ വാർഷികാഘോഷവും നടത്തിവരുന്നു.

## 2025-26 വർഷത്തിലെ കുട്ടികളുടെ എണ്ണം

| STD | BOYS | GIRLS | TOTAL |
|---|---|---|---|
| I | 4 | 2 | 6 |
| II | 3 | 5 | 8 |
| III | 5 | 5 | 10 |
| IV | 5 | 4 | 9 |
| TOTAL | 17 | 16 | 33 |

## മേഖല : അക്കാദമികം
## ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| 1. മുഴുവൻ കുട്ടികൾക്കും മാതൃഭാഷയിൽ വായനയ്ക്കും ലേഖനത്തിനുമുള്ള പ്രാവീണ്യം ഉറപ്പാക്കൽ | പ്രീ ടെസ്റ്റിലൂടെ ഓരോ കുട്ടിയുടെയും പഠനനില പരിശോധിച്ച് വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. |
| 2 ശ്രേഷ്ഠഭാഷ എന്ന നിലയിലും മാതൃഭാഷ എന്ന നിലയിലും മലയാളഭാഷാ പഠനത്തിന് പ്രത്യേക പ്രാധാന്യം നൽകൽ. | പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ |
| 3 ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കലിനു പ്രാധാന്യം നൽകൽ(മലയാളത്തിളക്കം) | പഠനപ്രയാസം നേരിടുന്ന കുട്ടികളുടെ രക്ഷകർതൃയോഗം വിളിച്ചു പദ്ധതി രൂപരേഖ പരിചയപ്പെടുത്തുകയും പഠനപിൻതുണ നൽകേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുകയും ചെയ്യുന്നു.<br>പ്രീടെസ്റ്റ് നടത്തുന്നു.<br>കണ്ടെത്തിയ കുട്ടികൾക്ക് അടിസ്ഥാന ഭാഷാശേഷികൾ കൈവരിക്കുന്നതിനായി ദിവസവും അരമണിക്കൂർ സമയം വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് അഭ്യസിപ്പിക്കുന്നു. ഇതിനായി സ്വന്തം ക്ലാസിലേതല്ലാത്ത കുട്ടികളെ ദത്തെടുക്കുന്നു. |
| 4 കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും<br>5. വൈവിധ്യമാർന്ന തന്ത്രങ്ങളിലൂടെ വായനയെ പ്രോത്സാഹിപ്പിക്കൽ | അക്ഷരകാർഡുകൾ, അക്ഷര മരങ്ങൾ, പദകാർഡുകൾ, ഫ്ളാഷ്കാർഡുകൾ ചിത്രചാർട്ടുകൾ, എന്നിങ്ങനെ ഓരോ ക്ലാസിലും അനുയോജ്യമായ പഠനസാമഗ്രികളുപയോഗിച്ചു പഠനപ്രവർത്തനങ്ങൾ നടത്തുന്നു.<br>നിർദിഷ്ട ഏകകമുപയോഗിച്ച് കുട്ടികളുടെ പഠനപുരോഗതി വിലയിരുത്തൽ<br>വായനയ്ക്കുള്ള സാമഗ്രികളായ അക്ഷരകാർഡ് , പദകാർഡ്, ചിത്രകാർഡ് തുടങ്ങിയവ നിർമ്മിക്കുന്നതിനായി ശിൽപ്പശാല നടത്തൽ |
| 5 കുട്ടിയെ മികച്ച വായനക്കാരനാക്കുക (വായനാക്കൂട്ടം) | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ |

| | |
|---|---|
| | സ്കൂൾ ലൈബ്രറി രൂപീകരിക്കൽ<br>സമീപ ഗ്രന്ഥശാല അംഗത്വം -<br>പത്രവായന<br>പുസ്തകചർച്ച<br>വായനാനുഭവം പങ്കുവെയ്ക്കൽ<br>വായനാക്കുറിപ്പ്, പതിപ്പ്<br>ദിനാചരണങ്ങൾ<br>കാവ്യക്കൂട്ടം<br>വായനസാമഗ്രികൾ വികസിപ്പിക്കൽ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം<br>പുസ്തകചർച്ച<br>ഇൻലന്റ് മാഗസിൻ, ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ<br>പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ് |
| ചിത്രാശയങ്ങൾ ലഘുവാക്യങ്ങളായി ലിപികൾ തിരിച്ചറിയാതെ വായിക്കുന്നു, എഴുതുന്നു.<br>ക്ലാസ് മുറിയിൽ രൂപപ്പെട്ട ആവിഷ്ക്കാര പ്രകടിതരൂപങ്ങളുടെ അവതരണവേദിയായി സർഗമേലകളെ മാറ്റൽ | ക്ലാസ് ലൈബ്രറിക്ക് ആവശ്യമായ പുസ്തകങ്ങൾ വാങ്ങൽ, ബാലസാഹിത്യ മാസികകൾ, യുറീക്ക, കളിക്കുടുക്ക, ഡൈജസ്റ്റ് എന്നിവ സംഘടിപ്പിക്കൽ<br>കുട്ടികൾക്കനുയോജ്യമായ വായനപുസ്തകങ്ങൾ, അധ്യാപിക വാങ്ങൽ<br>സ്വതന്ത്ര വായനയ്ക്ക് അവസരം നൽകൽ<br>വായന പുരോഗതി വിലയിരുത്തൽ<br>ലേഖനപരിപോഷണത്തിനായി കുട്ടികൾക്ക് ഒരു തീം നൽകുകയും അതുമായി ബന്ധപ്പെട്ട ചിത്ര രചനയ്ക്ക് അവസരം നൽകുകയും ചെയ്യുന്നു. വരച്ച ചിത്രങ്ങളുമായി ബന്ധപ്പെട്ട് ലേഖനപ്രവർത്തനങ്ങൾ നടത്തുന്നു.<br>സർഗവേള ശക്തിപ്പെടുത്തൽ<br>ആഴ്ചയിൽ അവസാന പീരീഡിൽ നടക്കുന്ന സർഗവേളയിൽ കുട്ടികളുടെ സർഗാത്മക കഴിവ് അവതരിപ്പിക്കുന്നു |

| | |
|---|---|
| അധിക സമയ പരിശീലനം | ക്ലാസ് മുറിയിലെ മികച്ച രചനകളുടെ അവതരണം<br>പാഠപുസ്തകത്തിലെ അഭിനയസാധ്യതകൾ നാടകീകരിക്കൽ<br>സർഗച്ചുവർ: കുട്ടികളുടെ രചനകൾ പ്രദർശിപ്പിക്കുന്നതിന് സ്ഥിര സംവിധാനം ഒരുക്കൽ .കുട്ടികൾ രൂപപ്പെടുത്തിയ സർഗാത്മക സൃഷ്ടികൾ പ്രദർശിപ്പിക്കുന്നതിനും രക്ഷിതാക്കൾ കാണുന്നതിനു അവസരം നൽകൽ<br>സ്കൂൾ അസംബ്ലി: ക്ലാസ് തലത്തിൽ അസംബ്ലിയിൽ കുട്ടികൾക്ക് അവതരണത്തിനുള്ള ചുമതല നൽകൽ, പത്രവായന, കടംകഥ, പഴംചൊല്ല്, ഇന്നത്തെ ചിന്താവിഷയം ജി.കെ എന്നിവയോടൊപ്പം കുട്ടികളുടെ സർഗാത്മക സൃഷ്ടികൾ അവതരണത്തിനുള്ള അവസരം നൽകൽ<br>സ്കൂൾ പത്രം, പതിപ്പുകൾ, കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ ഉൾപ്പെടുത്തി ഓരോ മാസവും സ്കൂൾ പത്രം ഇറക്കൽ<br>ഓരോ ക്ലാസിലും നടക്കുന്ന പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട പതിപ്പുകൾ, ചുമർപത്രിക, മറ്റ് ഉൽപ്പന്നങ്ങൾ, കഥ, കവിത, ചിത്രം, എന്നീ എല്ലാ സ്വതന്ത്ര രചനകളും പ്രദർശിപ്പിച്ച് ശില്പശാല നടത്തൽ<br><br>സ്കൂൾ മാഗസിൻ: സ്കൂൾ തലത്തിലെ വിവിധ രചനകൾ, സർഗാത്മക സൃഷ്ടികൾ, സ്കൂൾതല മികവുകൾ, ഫോട്ടോകൾ എന്നിവ ഉൾപ്പെടുത്തികൊണ്ട് സ്ക്കൂൾ മാഗസിൻ തയ്യാറാക്കുന്നു.<br><br>ഓരോ ക്ലാസ്സിലും നടക്കുന്ന പഠനപ്രവർത്തനങ്ങളുടെ ഭാഗമായി രൂപപ്പെട്ട പതിപ്പുകൾ, ചുമർപത്രിക, മറ്റ് ഉൽപ്പന്നങ്ങൾ ,കഥ, കവിത, ചിത്രം, എന്നീ എല്ലാ സ്വതന്ത്ര രചനകളും പ്രദർശിപ്പിച്ചു. ശില്പശാല നടത്തൽ<br>സ്കൂൾ മാഗസിൻ : സ്കൂൾ തലത്തിലെ വിവിധ രചനകൾ, സർഗ്ഗാത്മക സൃഷ്ടികൾ, സ്കൂൾ തല മികവുകൾ, ഫോട്ടോകൾ, എന്നിവ ഉൾപ്പെടുത്തികൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. |

**മേഖല : അനുയോജ്യവും ആകർഷകവുമായ ഭൗതികസൗകര്യം**

**ഉപമേഖല : ഹരിത പരിസരം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ |
|---|---|
| പൂന്തോട്ട നിർമ്മാണം<br><br>പച്ചക്കറിത്തോട്ട നിർമ്മാണം | **1. ജൈവവൈവിധ്യ പാർക്ക്**<br>പാഠഭാഗവുമായി ബന്ധപ്പെട്ട് വിവിധ ഔഷധസസ്യങ്ങൾ ശേഖരിക്കുകയും നട്ട് വളർത്തുകയും സംരക്ഷിക്കുകയും ചെയ്യൽ<br><br>ഓരോ ഔഷധ സസ്യത്തിന്റെയും ശാസ്ത്രീയനാമം, ഗുണങ്ങൾ, ഉപയോഗം എന്നിവ സസ്യങ്ങളിൽ പ്രദർശിപ്പിക്കൽ<br><br>**2. കുട്ടിവനം പദ്ധതി**<br>വനത്തിന്റെ ഒരു ചെറിയ പതിപ്പ്<br><br>ഓരോ കുട്ടിക്കും സംരക്ഷിക്കാൻ ഒരു സസ്യമെങ്കിലും സ്കൂളിൽ<br>സ്കൂളിന്റെ ഒരു നിശ്ചിത ഭാഗം കുട്ടിവനം വന്നു തയ്യാറാക്കുന്നതിന് നീക്കിവയ്ക്കൽ<br>പൂന്തോട്ട നിർമ്മാണം: ലോകപരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് ഓരോ കുട്ടികളും അധ്യാപകരും ഓരോ ചെടിയും അതിന്റെ ചെടിച്ചട്ടിയും കൊണ്ടുവന്ന് പൂന്തോട്ടം നിർമ്മിക്കുന്നു<br>**3. പച്ചപന്തലുകൾ**<br>സ്കൂൾ പരിസരത്തു കോവയ്ക്ക, പാഷൻഫ്രൂട്ട്, അമര, മാർപയർ, കയ്പ്പയ്ക്ക എന്നിവ പന്തൽകെട്ടി പച്ചപന്തലുകൾ നിർമ്മിക്കുന്നു.<br>**4. ജൈവകൃഷിയിടം**<br>കുട്ടികളുടെ ഉച്ചഭക്ഷണപരിപാടിക്കായി വിഷരഹിത പച്ചക്കറി ഉപയോഗിക്കുന്നതിനു പഞ്ചായത്തിന്റെ സഹായത്തോടെ ഗ്രോ ബാഗുകൾ, വിത്തുകൾ, ജൈവവളങ്ങൾ, ഉപയോഗിച്ചജൈവകൃഷിയിടം സജ്ജമാക്കുന്നു.. ഇതിലൂടെ കുട്ടികൾക്ക് ജൈവകൃഷിയുടെ പ്രാധാന്യവും രാസവളങ്ങൾ ഉപയോഗിക്കുന്നതിന്റെ ദൂഷ്യഫലങ്ങളെ ക്കുറിച്ചും കുട്ടികളെ ബോധവാൻമാരാക്കുന്നു<br>**5. പാഴ് വസ്തുക്കൾ ഉപയോഗിച്ച് ഹാങ്ങിംഗ് ഗാർഡൻ**<br>ഉപയോഗ്യശൂന്യമായ ബോട്ടിലുകൾ ഉപയോഗിച്ച് സ്കൂളിന്റെ ഇറയത്ത് ഹാങ്ങിംഗ് ഗാർഡനുകൾ നിർമ്മിക്കുന്നു.<br>**5. പ്ലാസ്റ്റിക്ക് രഹിത വിദ്യാലയം**<br>ലോക പരിസ്ഥിതി ദിനത്തിൽ പ്ലാസ്റ്റിക്ക് രഹിത വിദ്യാലയമായി സ്കൂളിനെ പ്രഖ്യാപിക്കുകയും അധ്യാപകരും കുട്ടികളും സ്കൂളിലും പരിസരപ്രദേശങ്ങളിലും പ്ലാസ്റ്റിക്ക് സാധനങ്ങൾ ഉപയോഗിക്കില്ല എന്ന് പ്രതിജ്ഞ ചെയ്യുകയും ചെയ്യും. ഇതിന്റെ ഭാഗമായി പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യഫലങ്ങൾ മനസിലാക്കുന്നതിനായി കുട്ടികൾക്കും രക്ഷിതാക്കൾക്കും ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നു. . |

## മേഖല :സാമൂഹികം

| ലക്ഷ്യം | പഠനപ്രവർത്തനങ്ങൾ |
|---|---|
| ഓരോ കുട്ടികളുടെയും പഠന നിലവാരം രക്ഷിതാക്കളെ ശരിയായ രീതിയിൽ ബോധ്യപ്പെടുത്തുന്നതിന് | ഓരോ മാസത്തിലും ആദ്യവാരത്തിൽ പിടിഎ. സംഘടിപ്പിക്കുന്ന പഠനനിലവാരം, ചർച്ച. അടുത്തമാസത്തേക്കുള്ള മേഖലകൾ ഐ.സിടി. സാധ്യതകൾ. |
| കുട്ടികളുടെ കുടുംബ പശ്ചാത്തലം നേരിട്ടറിയുന്നതിനും കുട്ടി അനുഭവിക്കുന്ന പ്രയാസങ്ങൾ എന്തൊക്കെയെന്ന് മനസിലാക്കി അതിന് പരിഹാരങ്ങൾ കണ്ടെത്തുന്നതിനും. | പഠനോപകരണങ്ങൾ ചർച്ച<br>കുട്ടികളുടെ സൃഷ്ടികൾ പ്രദർശനം , മികച്ച അവതരണം, പഠനോപകരണ നിർമ്മാണം. പ്രദർശനം |
| രക്ഷിതാക്കളും അധ്യാപകരും തമ്മിലുള്ള ബന്ധം ഊട്ടിയുറപ്പിക്കുന്നതിന് | പൂർവ്വവിദ്യാർത്ഥികളുടെയും അധ്യാപകരുടേയും സംഗമം |
| സമൂഹപങ്കാളിത്തം ഉറപ്പു വരുത്തുവാൻ<br>സ്കൂളുമായുള്ള ബന്ധം പുതുക്കൽ | ദിനാചരണങ്ങൾ, വാർഷികം, മറ്റ് അക്കാദമിക പ്രവർത്തനങ്ങൾ എന്നിവയും പൂർവ്വവിദ്യാർത്ഥികളെ പങ്കാളികളാക്കൽ |
| സഹജീവികളോടുള്ള സഹായ മനസ്ഥിതി<br>കുട്ടികൾക്കിടയിൽ സമ്പാദ്യ ശീലം വളർത്തുക<br>കുട്ടികളുടെ വായന പരിപോഷിപ്പിക്കുന്നതിന്<br>കുട്ടികളുടെ സർഗാത്മക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് | ഓരോ ക്ലാസ്സിലും ഓരോ സമ്പാദ്യപ്പെട്ടി<br>സി.പി.ടി.എ.യിൽ ബോധവൽക്കരണം<br>കുട്ടികളെ ബോധവാന്മാരാക്കാൻ<br>അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് സമ്പാദ്യപ്പെട്ടിയിൽ പണം നിക്ഷേപിക്കൽ<br>ക്ലാസ്സ് ലീഡറെ ചുമതലകൾ ഏൽപ്പിക്കൽ<br>സ്ക്കൂളിലെ നിർദ്ധനനായ കുട്ടിക്ക് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ജനറൽ പി.ടി.എയിൽ സ്വരൂപിച്ച് കിട്ടിയ പണം കൈമാറുന്നു.<br>പുസ്തകസമാഹരണത്തെ ക്കുറിച്ച് ജനറൽ പിടിഎയിൽ അവതരണം<br>ഓരോ ക്ലാസിലേക്കുമുള്ള ലൈബ്രറി പുസ്തകങ്ങൾ വാങ്ങുന്നതിന് ആവശ്യമായ പണം ശേഖരിക്കൽ.<br>ഓരോ മാസത്തേയും സി. പി.ടി.എ.യിൽ പുസ്തകം കൈമാറുന്നതിന് അവസരം നൽകൽ<br>വായിച്ച പുസ്തകത്തിന്റെ വായനാക്കുറിപ്പ് എഴുതുക.<br>ഏറ്റവും നല്ല വായനാക്കുറിപ്പിന് പ്രോത്സാഹനം നൽകുക |

| മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം |
| പഠന പിന്തുണ നൽകേണ്ടവരെ ഉയർത്തിക്കൊണ്ടുവരൽ | ജൈവവൈവിധ്യ പാർക്ക് | പി.റ്റി.എ. ശാക്തീകരണം |
| വായനാ പ്രവർത്തനങ്ങൾ | ഔഷധോദ്യാനം | പൂർവ്വ വിദ്യാർത്ഥി സംഘടന ശക്തിപ്പെടുത്തൽ |
| ക്ലാസ്സ് ലൈബ്രറി | പച്ചപ്പന്തൽ | കൂട്ടുകാരനൊരു കൈത്താങ്ങ് |
| ലേഖന പരിപോഷണം | | |
| സർഗവേള ശക്തിപ്പെടുത്തൽ | | |
| സ്കൂൾ പത്രം | | |
| സ്കൂൾ മാഗസിൻ | | |

## പദ്ധതി വിശദാംശങ്ങൾ

## വിഷയം : മലയാളം

## ഉപമേഖല : മാതൃഭാഷയിലെ വിവിധശേഷികളുടെ വികാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | Pre-Test<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ<br>വാക്കുകൾ എഴുതിയ കാർഡ്<br>വാക്കുകൾ നിർമ്മിക്കുക<br>വാക്യങ്ങൾ നിർമ്മിക്കുക<br>ചിത്രം അടിക്കുറിപ്പ്<br>ചിത്രം -കഥപറയൽ<br>ചിത്രം-കഥ എഴുതൽ<br>കഥ-ബാക്കി എഴുതൽ<br>കഥാപുസ്തകം നൽകൽ<br>സി.ഡിയിൽ ഒരു ചിത്രം നൽകി വാക്യങ്ങൾ എഴുതൽ<br>ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | 2 Months<br><br>ആഗസ്റ്റ്, സെപ്റ്റംബർ | ക്ലാസ്സ് ടീച്ചർ | പി.ടി.എ. |
| 2. സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ വായനാസാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്/ കവിയരങ്ങ് രചനാശിൽപ്പശാല എന്നിവസംഘടിപ്പിക്കൽ. രൂപപ്പെടുന്ന ഉല്പ്പന്നങ്ങൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സ്മുറിയിലെ പഠന സാമഗ്രിയായി മേൽപ്പറഞ്ഞ ഉല്പ്പന്നങ്ങളെഉപയോഗിക്കൽ | രണ്ടു മാസത്തിലൊരു പ്രാവശ്യം | വിദ്യാരംഗം കലാ സാഹിത്യ വേദി | 5000/- സ്പോൺ-സർഷിപ്പ് |
| 3. രചനകൾനവ മാദ്ധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗിൽ ചേർക്കൽ | പ്രതിമാസ പരിപാടി | വിദ്യാരംഗം എസ്. ഐ. റ്റി. സി. | |

| | | | | |
|---|---|---|---|---|
| 4. ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവു നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന/ എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ, പ്രസിദ്ധീകരിക്കൽ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്. എം & പി.ടി.എ. | 2000 രൂപ സ്പോൺസർഷിപ്പ് |
| 5. വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ. പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ. കാറ്റലോഗ്, വിതരണ രജിസ്റ്റർ | വർഷത്തിൽ രണ്ടു പ്രാവശ്യം | എച്ച്എം. പി.ടി.എ. ലൈബ്രറിയൻ | 2000 രൂപ സ്പോൺസർഷിപ്പ് |
| 6.ഒരു സാഹിത്യ രൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യനോവലുകൾ/ ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്ക്കരണം | പ്രതിമാസ പരിപാടി | ആർട്സ് ക്ലബ്ബ് | |
| 7.സർഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരൻമാരുമായി അഭിമുഖം നടത്തൽ, സാഹിത്യനായകൻമാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കൽ | വർഷത്തിലൊരു പ്രാവശ്യം | ഒ.എസ്.എ. | 10000/- (ഒ.എസ്.എ.) |
| 8.കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിലൊരു പ്രാവശ്യം | ഒ.എസ്.എ. | 5000/- |

| | | | | |
|---|---|---|---|---|
| 9. അവതരണമികവ് കൈവരിക്കൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവുംഒഴിവു സമയങ്ങളിൽ | എസ്.ആർ ജി.. | 25000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |
| 10. ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | വിദ്യാലയ സ്റ്റുഡിയോയിൽ നിന്നും ക്ലാസ്സുകളിൽ സ്ഥാപിച്ചിരിക്കുന്ന ടി. വികളിലേക്ക് കുട്ടികളുടെ കലാപരിപാടികളുടെ സംപ്രേഷണം. അസംബ്ലി പൊതുപരിപാടികളുടെ സംപ്രേഷണം | എല്ലാ ദിവസവും ഇടവേളകളിൽ | എസ്.ആർ ജി. | 50000/- സി.എസ്.ആർ ഫണ്ട് |
| 11. വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജി. യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | എസ്.ആർ ജി. | |

**വിഷയം : പരിസ്ഥിതിപഠനം**

ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | വിദ്യാലയത്തിൽ ക്രമീകരിച്ചിരിക്കുന്ന റേഡിയോ സ്റ്റുഡിയോയിൽ നിന്നും എല്ലാ ക്ലാസിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവുസമയത്ത് റേഡിയോ പ്രക്ഷേപണം, കുട്ടികളുടെ വിവിധ പരിപാടികളുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | എല്ലാ ദിവസവുംഒഴിവു സമയങ്ങളിൽ | എസ്.ആർ ജി.. | 25000/- വ്യവസായ ഗ്രൂപ്പ് സ്പോൺസർഷിപ്പ് |
| 2. ഫീൽഡ് സ്റ്റഡി | എൽ. പി. യു. പി. തലങ്ങളിൽ പാഠഭാഗവുമായി ബന്ധപ്പെട്ട സന്ദർശിക്കേണ്ട സ്ഥലങ്ങൾ ലിസ്റ്റ് ചെയ്യൽ (ക്ലാസ്, വിഷയം, തീയതി) | ജൂൺ | ക്ലാസ് അദ്ധ്യാപകർ | |
| 3. പരിസ്ഥിതി ബോധവൽക്കരണ ക്ലാസ് | ജൈവവൈവിധ്യ മേഖലയെ സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യം അടിസ്ഥാനമാക്കിയുള്ള ബോധവൽക്കരണ ക്ലാസുകൾ | ജൂൺ മുതൽ സെപ്തംബർ വരെ | എസ്ആർജി | 1000/- പരിസ്ഥിതി ക്ലബ്ബ് |
| 4. ഫീൽഡ് സ്റ്റഡി | 1 മുതൽ 4 വരെ ക്ലാസുകളിൽചുരുങ്ങിയത് ഒരു സ്ഥലത്തേക്കുള്ള യാത്ര ഉറപ്പിക്കൽ | ജൂലൈ മുതൽ ജനുവരി | പരിസ്ഥിതി ക്ലബ്ബ് | പരിസ്ഥിതി ക്ലബ്ബ് |
| 5. ശാസ്ത്രക്ലബ്ബ് | 17-19 വർഷത്തെ ശാസ്ത്ര ക്ലബ്ബ് രൂപീകരണയോഗം | ജൂൺ 2-ാം വാരം | ശാസ്ത്രാധ്യാപകർ | |

| | | | | |
|---|---|---|---|---|
| 6. പരീക്ഷണക്കൂട്ടങ്ങൾ | ഓരോ ക്ലാസിലും പരീക്ഷണക്കൂട്ടങ്ങൾ രൂപീകരിക്കൽ | ജൂൺ മൂന്നാം വാരം | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്ര അധ്യാപകൻ | 1000/- |
| 7. പ്രദർശനം | വ്യത്യസ്ത സ്ഥലങ്ങളിലെ മണ്ണുകളുള്ള സ്ഥലങ്ങൾ സന്ദർശിക്കൽ | ആഗസ്റ്റ് ആദ്യ വാരം | ശാസ്ത്ര ക്ലബ്ബ്, ശാസ്ത്ര അധ്യാപകൻ | 1000/- |
| 8. പുസ്തകശേഖരണം | മണ്ണ്, പ്രകാശം എന്നിവയുമായി ബന്ധപ്പെട്ട് പുസ്തകശേഖരണം | പ്രതിമാസ പരിപാടി | സയൻസ് ക്ലബ്ബ് | |
| 9. പ്രതിഭകൾക്ക് വിദഗ്ധപരിശീലനവും ക്ലാസ്സുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലനക്ലാസുകൾ ഒഴിവുദിവസങ്ങളിൽ സംഘടിപ്പിക്കൽ | അവധി ദിവസങ്ങൾ | എസ്.ആർ.ജി | 5000 രൂപ സ്പോൺസർഷിപ്പ് |
| 10. ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സിലാക്കുക. | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിലൊരുപ്രാവശ്യം | സയൻസ് ക്ലബ്ബ് | 10000 രൂപ ( സി.എസ്.ആർ.ഫണ്ട്) |
| 11. ലഹരി വിരുദ്ധ വിദ്യാലയ പ്രവർത്തനങ്ങൾ | ബോധവൽക്കരണക്ലാസ്സുകൾ സംഘടിപ്പിക്കുക | 2 വർഷം | സയൻസ് ക്ലബ്ബ്, ലഹരി വിരുദ്ധ ക്ലബ്ബ്, വിദ്യാർത്ഥികൾ, അധ്യാപകർ | 500/- |

| | | | | |
|---|---|---|---|---|
| 12 ശാസ്ത്രപാഠവുമായി ബന്ധപ്പെട്ട് വിവരങ്ങൾ സ്വയം ശേഖരിക്കുവാനും അവതരിപ്പിക്കുവാനും | സെമിനാർ, ശിൽപ്പശാലകൾ, പാനൽ ഡിസ്കഷൻ, ഡിബേറ്റ് എന്നിവ സംഘടിപ്പിക്കുന്നു. | പാഠവുമായി ബന്ധപ്പെട്ട് ജൂൺ മുതൽ മാർച്ച് വരെ | എച്ച്. എം. എസ്.ആർ.ജി, അധ്യാപകർ, പി.ടി.എ. | 5000/- |
| 13 ശാസ്ത്രപഠനം നേരനുഭവങ്ങളിലൂടെ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തുന്നു | ഫീൽഡ് ട്രിപ്പ്, ശാസ്ത്രജ്ഞൻമാരുടെ ജൻമദിനം, കണ്ടുപിടിത്തങ്ങൾ | പാഠഭാഗവുമായി ബന്ധപ്പെടുത്തി | എച്ച്. എം.. എസ്ആർജി, അധ്യാപകർ, പി.ടി.എ. | 10000/- |
| 14 ഒന്നുമുതൽ 4 വരെയുള്ള ക്ലാസുകളിലെ പരിസര പഠന പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും പഠനനേട്ടം ഉറപ്പാക്കുന്നതിനും ശാസ്ത്രമൂല്യം ഉറപ്പാക്കൽ | പ്രസ്തുത ക്ലാസുകളിലേക്കുള്ള ശാസ്ത്രപഠനത്തിന് സഹായകമായി ശാസ്ത്രമൂലയിൽ ഉണ്ടായിരിക്കേണ്ട ലിസ്റ്റ് തയ്യാറാക്കൽ, തയ്യാറാക്കിയ ലിസ്റ്റിൽ ശേഖരിക്കേണ്ടവ, വാങ്ങേണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്ന തിരിക്കൽ | ജൂലൈ | അധ്യാപകർ, എസ്ആർജി | 500/- |
| 15 സസ്യസംരക്ഷണം | സസ്യസംരക്ഷണത്തിൽ കുട്ടികളുടെ പങ്ക് ഉറപ്പിക്കുന്നതിനായി സ്കൂൾ പരിസരത്ത് ഔഷധത്തോട്ട നിർമ്മാണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്ബ് | 500/- അധ്യാപകർ/ എസ്.ആർ. ജി |
| 16 കൃഷി ചെയ്യുവാനുള്ള കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കുക. | കൃഷിയുമായി ബന്ധപ്പെട്ട് ഓരോ അനുഭവങ്ങളും പാഠഭാഗങ്ങളുമായും പഠന നേട്ടങ്ങളുമായും ബന്ധപ്പെടുത്തണം. കൃഷിയിലേർപ്പെടുന്ന സമയത്ത് സ്വന്തമായ നിരീക്ഷണത്തിനും പരീക്ഷണങ്ങൾക്കും സ്വാതന്ത്ര്യം നൽകുന്ന കർഷകനുമായി അഭിമുഖം സംഘടിപ്പിക്കുക. | ജൂൺ മുതൽ മാർച്ച് വരെ | സാമൂഹിക പിന്തുണ, വിദ്യാർത്ഥികൾ, അധ്യാപകർ | 2000/- |

| വിഷയം: ഇംഗ്ലീഷ്<br>ഉപമേഖല: ഇംഗ്ലീഷ് ഭാഷാപഠനം | | | | |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകൽ. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകൽ | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് ടീച്ചർ | |
| 2 തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അധ്യാപിക | |
| 3 ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | പാഠപുസ്തകത്തിലെ ഇംഗ്ലീഷ് പാഠഭാഗങ്ങളെ പുസ്തകത്തിൽ പ്രതിപാദിച്ചിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായ വ്യവഹാര രൂപങ്ങളിലേക്ക് മാറ്റിയെഴുതി സദസിനുമുൻപാകെ അവതരിപ്പിക്കൽ eg: skit, conversation, drama etc. | പ്രതിമാസ പരിപാടി | എച്ച്. എം. ഇംഗ്ലീഷ് അധ്യാപകൻ | 2000/ രൂപ പിടിഎ |
| 4. ഇംഗ്ലീഷിൽ സർഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>eg: June: Monsoon<br>July: Population<br>August: Freedom<br>September: Onam etc | പ്രതിമാസ പരിപാടി | എച്ച്. എം. ഇംഗ്ലീഷ് അധ്യാപിക | 2000/ രൂപ എസ്. ആർ.ജ |

| | | | | |
|---|---|---|---|---|
| 5. വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് എത്തിക്കൽ | മദ്ധ്യവേനൽ അവധിക്കാലത്ത് 5 ദിവസത്തെ ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 5 ദിവസം (അവധി കാലം) | പി.ടി.എ. പ്രസിഡന്റ് എച്ച്.എം | 10000/- പ്രതി വർഷം സി.എസ്. ആർ. ഫണ്ട് |
| 6. ഇംഗ്ലീഷ് രചനയിൽ പ്രവീണ്യം നേടൽ | സ്കൂളിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളുടെ വിശേഷങ്ങൾ മറ്റൊരു ജില്ലയിലെ സമാന ക്ലാസ്സിലെ കുട്ടികളുമായി പ്രതിമാസ കത്തിടപാടുകളിലൂടെ പങ്കുവയ്ക്കൽ | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | 10000/- പ്രതി വർഷം പി.റ്റി.എ. ഫണ്ട് |
| 7. ഇംഗ്ലീഷിൽ ആശയവിനിമയം നടത്തുന്നതിൽ ശേഷി നേടൽ | വിദേശ രാജ്യങ്ങളിൽ സമാന ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർത്ഥികളുമായി സ്കൈപ്പ് മുഖേന ഇംഗ്ലീഷിൽ ആശയവിനിമയം | മാസത്തിൽ ഒന്നു വീതം | ക്ലാസ് ടീച്ചർ | |
| 8. വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണി നേടൽ | ലളിതമായ സാഹിത്യ കൃതികൾ ആശയം ചോർന്നുപോകാതെ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത് പ്രസിദ്ധീകരിക്കൽ | വർഷത്തിൽ 2 പുസ്തകം | ഇംഗ്ലീഷ് ടീച്ചർ | 20000/- പ്രതിവർഷം സി.എസ്.ആർ. ഫണ്ട് |
| 9. വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവുനേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | പ്രതിവർഷം 10 ക്ലാസ്സ് | ക്ലാസ് ടീച്ചർ | 5000/- പൂർവ്വ വിദ്യാർത്ഥി സംഘടന |

| | | | | |
|---|---|---|---|---|
| 10. തത്സമയ വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ പ്രസംഗങ്ങൾ അവതരിപ്പിക്കുന്നു. ഇംഗ്ലീഷ് ദ്വിഭാഷി ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | - |
| 11. കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |
| 12. ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ | | | |

## വിഷയം : ഗണിതം

### ഉപമേഖല : ഗണിതശേഷിവികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ഗണിതം മധുരതരമാക്കൽ | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | 1000രൂപ പി.റ്റി.എ. |
| 2. ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ. ലാബിൽ വച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | എസ്. ആർ. ജി. ഗണിത ക്ലബ്ബ് | 10000രൂപ സ്പോൺസർഷിപ്പ് |
| 3. രസകരമായ ഗണിതശാസ്ത്രപഠനവും ചലനശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത വിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിലൊരു പ്രാവശ്യം | എസ് ആർ. ജി. ഒ.എസ്.എ | 1000രൂപ ഒഎസ്എ |
| 4. ഗണിതത്തിന്റെ ആവശ്യകത, ഗണിതപഠനത്തിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക. | സെമിനാർ സംഘടിപ്പിക്കുക, ഗണിതത്തിന്റെ ചരിത്രവും പ്രാധാന്യവും ഗണിതശാസ്ത്രജ്ഞൻമാരുടെ ജീവചരിത്രം കുട്ടികളുമായി പങ്കിടുക. | ജനുവരി, മാർച്ച് | എച്ച്.എം. എസ്ആർജി കൺവീനർ, ക്ലാസ് ടീച്ചർ | ക്ലാസ് സംഘടിപ്പിക്കുക, റിസോഴ്സ് പേഴ്സൺസ് |
| 5. ഗണിതപരമായി ബന്ധപ്പെട്ട പിന്നോക്കാവസ്ഥ പരിഹരിക്കൽ | അടിസ്ഥാന ആശയങ്ങൾ പട്ടികപ്പെടുത്തുന്നു. ചോദ്യാവലി ഉണ്ടാക്കുന്നു. പ്രീടെസ്റ്റ് മൂല്യനിർണ്ണയം റിസൾട്ട് രേഖപ്പെടുത്തുന്നു.<br>എസ്.ആർ.ജി.യിൽ അവതരണം<br>സംഖ്യാബോധം ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ കുട്ടികൾ മുൻ ക്ലാസ്സുകളിൽ നേടേണ്ട ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു.<br>വർക്കുഷീറ്റുകൾ നൽകുന്നു.<br>രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ നൽകുന്നു. | ജൂൺ മുതൽ മാർച്ച് | എച്ച്.എം. എസ്ആർജി കൺവീനർ ക്ലാസ്ടീച്ചർ | ബുള്ളറ്റിൻ ബോർഡ്, ബുക്ക്സ്, അസംബ്ലി, ചുവർ പത്രിക, പഠനോപകരണങ്ങൾ |

| | | | | |
|---|---|---|---|---|
| 6. ഗണിതാസ്വാദനം | ഗണിതം പരീക്ഷണവസ്തു ആക്കാതെ ഗണിത സമസ്യകളുടെ സാമൂഹികപരവും ബുദ്ധിപരവുമായ മാനങ്ങൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ അതാതു ക്ലാസ്സിലെ പഠനനേട്ടങ്ങളുമായി തട്ടിച്ചുകൊണ്ട് തുടർപ്രവർത്തനത്തിന് സാധ്യതയുള്ളതുമായ പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു.<br>പഠനസൂത്രണങ്ങൾ ഫലപ്രദമായി ആസൂത്രണം ചെയ്യുന്നു.<br>ക്വിസ് മത്സരങ്ങൾ, പസ്സിലുകൾ, കുസൃതികണക്കുകൾ എന്നിവ കണ്ടെത്തി ആസൂത്രണം ചെയ്യുന്നു.<br>ഐ.സി.ടി. സാധ്യത<br>പഠനരംഗത്തെ ശേഷികൾ കണക്കിലെടുത്തുകൊണ്ട് പരിഹരിക്കാൻ ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ വ്യക്തിഗതമായും ഗ്രൂപ്പായും നൽകുന്നു. | ജൂൺ മുതൽ മാർച്ച് | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി. കൺവീനർ, ക്ലാസ്സ് ടീച്ചർ, | ബുള്ളറ്റിൻ ബോർഡ്, ബുക്ക്സ്, ചുമർപത്രിക, പഠനോപകരണങ്ങൾ |
| 7. ഗണിതക്ലബ്ബ് രൂപീകരണം | ഓരോ ക്ലാസിലെയും 1/4 ഭാഗം കുട്ടികൾ ഗണിത ക്ലബ്ബിൽ അംഗങ്ങളായിരിക്കും<br>ക്ലബ്ബിലെ പ്രവർത്തനങ്ങൾ മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസ് തലത്തിലുംസ്കൂൾ തലത്തിലും പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>പഠനോപകരണങ്ങൾ ആവശ്യമായവ കണ്ടെത്തുന്നു.<br>ക്ലാസുകൾ സംഘടിപ്പിക്കുന്നു.<br>പ്രവർത്തനങ്ങൾ വിനിമയം ചെയ്യുന്നു. | ഒരു വർഷം | ഹെഡ്മാസ്റ്റർ, എസ്.ആർ.ജി. കൺവീനർ, ക്ലാസ് ടീച്ചർ, എംപിറ്റിഎ പി.ടി.എ | ബുള്ളറ്റിൻ ബോർഡ് ബുക്ക്സ്, അബാക്കസ്? ഗണിത കിറ്റ് |

| | | | | |
|---|---|---|---|---|
| | <u>ഗണിത പ്രൊജക്ട്</u><br>അന്വേഷണാത്മകമായി അപഗ്രഥിച്ച് കണ്ടെത്താവുന്ന പ്രൊജക്ടുകൾ വ്യക്തിഗതമായും ഗ്രൂപ്പായും കണ്ടെത്തി അതാത് ക്ലാസുകൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിതക്ലബ്ബിലെ കുട്ടികൾ ശേഖരിക്കുന്നു. അവയിൽ മികച്ചവ പ്രൊജക്ട് ഡയറിയായി സൂക്ഷിക്കുന്നു. പ്രദർശിപ്പിക്കുന്നു. | ജൂലൈ മുതൽ മാർച്ച് വരെ | ഗണിതക്ലബ്ബ് ഗണിത അധ്യാപിക | ഗൈഡുകൾ |
| | <u>ഉത്തരപ്പെട്ടി</u><br>ഗണിതപ്രശ്നങ്ങൾ സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു.<br>വിജയികളെ കണ്ടെത്തി പ്രഖ്യാപിക്കൽ ഉത്തരം വിശകലനം ചെയ്ത് അവതരിപ്പിക്കൽ | മാസത്തിലൊരിക്കൽ ഓഗസ്റ്റ്-ജനുവരി | ഗണിത ക്ലബ്ബ് | |
| | <u>ഗണിത ക്വിസ്</u><br>മാസത്തിലൊരിക്കൽ ഗണിതവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം പ്രതിഭകൾക്കായി ക്ലാസ്സിലും തുടർന്ന് സ്കൂൾതലത്തിലും നടത്തുന്നു. | | ഗണിത ക്ലബ്ബ് | |

| | | | | |
|---|---|---|---|---|
| 8<br>ഗണിതലാബ് | വിദ്യാലയത്തിൽ പൊതുവെ ഗണിതവുമായി ബന്ധപ്പെട്ട രസകരവും ലളിതവുമായ പ്രൊജക്ടുകൾ സ്വയം ചെയ്യാനുള്ള പ്രവർത്തനങ്ങൾ രസകരമായതും ലളിതമായതും നൽകുക. ഗണിത റഫറൻസ് ബുക്കുകൾ, വർക്കിംഗ് മോഡൽ, ചുമർ ഗണിത ചിത്രങ്ങൾ, മെട്രിക്ക് ഉപകരണങ്ങൾ , അബാക്കസ്, ജ്യാമിതീയ രൂപങ്ങൾ എന്നിവ അതാതു ക്ലാസുകൾക്ക് അനുയോജ്യമായത് തിട്ടപ്പെടുത്തുന്നുക.<br>ടാൻഗ്രാം നിർമ്മിക്കുക. | ആഴ്ചയിൽ ഒരിക്കൽ | എച്ച്.എം, ക്ലാസ് ടീച്ചർ, ഗണിതക്ലബ്ബ് | 500/- |
| 9<br>ഡോക്യുമെന്ററി | ഗണിതനാട്ടറിവ്<br>ഗണിതത്തിന് ഒരു ചരിത്രമുണ്ട്. പ്രാദേശികവും പരമ്പരാഗതവുമായും ഉപയോഗിക്കുന്ന ഒട്ടേറെ അറിവുകൾ കാലഹരണപ്പെട്ടു പോയിരിക്കുന്നു. ഇവ പുതിയ തലമുറയെ പരിചയപ്പെടുത്തണം. പരമ്പരാഗത തൊഴിലാളികൾ ഉപയോഗിച്ചിരുന്ന അറിവുകളും ഉപകരണങ്ങളും ആധുനിക ഗണിത ശാസ്ത്ര ക്ലാസ്സിൽ ഉപയോഗിക്കുന്നതിൽ നിന്നും തികച്ചും വ്യത്യസ്തത കാണുന്നുണ്ട്. | 5-20നാം<br>മാർച്ച് | എച്ച്.എം.<br>പി.റ്റി.എ.<br>എം.പി.റ്റി.എ. | 500<br>രൂപ<br>പി.റ്റി.എ. |

| | | | | |
|---|---|---|---|---|
| 10 . ലിറ്റിൽ മാസ്റ്റർ | ഇത്തരത്തിലുള്ള നാട്ടറിവുകൾ കണ്ടെത്തി ഡോക്യുമെന്ററി നടത്തുക. അറിവുകളുള്ള മികച്ച 5 കുട്ടികളെ കണ്ടെത്തി അവരെ വർഷാവസാനം ലിറ്റിൽ മാസ്റ്റർ ഓഫ് മാത്സ് ആയി തെരഞ്ഞെടുക്കുന്നു. വാർഷികപരിപാടിയിൽ വച്ച് സമ്മാനം നൽകി ആദരിക്കുന്നു. | മാർച്ച് | എച്ച്.എം, സ്റ്റാഫ് സെക്രട്ടറി എസ്ആർജി കൺവീനർ | 1000/- പി.ടി.എ. |
| 11 . ഗണിത ശാസ്ത്ര കോൺഫറൻസ് | സ്കൂളിൽ ഗണിത ശാസ്ത്രത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നു. പോരായ്മകൾ കണ്ടെത്തുന്നു. വിലയിരുത്തുന്നു. നല്ലതിനെ പ്രോത്സാഹിപ്പിക്കുന്നു. അംഗീകരിക്കുന്നു. അടുത്ത വർഷത്തേക്കുള്ള പ്രവർത്തനങ്ങൾ | മാർച്ച് | | |

# പ്രതീക്ഷിതനേട്ടങ്ങൾ


വിദ്യാലയ വികസന പദ്ധതി എന്നതിന് മുൻതൂക്കം നൽകുന്നതിന് കുട്ടികളുടെ അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ടാണ് എല്ലാ കുട്ടികളും ഭാഷാശേഷി വികസനം, ഗണിതശേഷി വികസനം, ഇംഗ്ലീഷ് പഠന പരിപോഷണം, ശാസ്ത്രപോഷണപരിപാടി, വായനാപരിപോഷണം എന്നിവ പൂർണമായും നേടണം. അതുപോലെ തന്നെ കലാകായികമേലയിലും ഗവേഷണാത്മകമായ പ്രവർത്തനങ്ങൾക്കും കുട്ടി സ്വയം പ്രാപ്തി നേടണം. അതുപോലെ വിവിധ പ്രവൃത്തിപരിചയവും ശാസ്ത്രാഭിരുചിയും നേടണം. കുട്ടിയെ പൊതുസമൂഹത്തിന് നന്മയുളവാക്കും വിധം പ്രവർത്തിക്കുവാനും ഒരു നല്ല സമൂഹത്തെ വാർത്തെടുക്കുവാനും കഴിയണം.

# അവലോകനവും മോണിറ്ററിംഗും

ഫലപ്രദമായ മോണിറ്ററിംഗിന്റെയും അവലോകനത്തിന്റെയും അഭാവമാണ് വിദ്യാലയ വികസനപദ്ധതികൾ പലപ്പോഴും കടലാസിൽ ഒതുങ്ങുവാൻ കാരണമാകുന്നത്. വിവിധ മേഖലകളുമായി ബന്ധപ്പെട്ട പദ്ധതികൾ സമയബന്ധിതമായി മോണിറ്റർ ചെയ്യുന്നതിന് വിവിധ തലങ്ങളിൽ മോണിറ്റർ കമ്മിറ്റികൾ രൂപീകരിക്കേണ്ടതുണ്ട്.ഒന്ന് മുതൽ നാലുവരെ ഓരോ ക്ലാസിലും കുട്ടി ആർജ്ജിക്കേണ്ട ശേഷികളും അന്താരാഷ്ട്രനിലവാരമുള്ള ധാരണകളും നൈപുണികളും കഴിവിനനുസരിച്ച് നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുകയാണ് ഈ വികസനപദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. പരിസരപഠനം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഭൂപടം, ഗ്ലോബ് മുതലായവ കൂടുതൽ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ലഘുപരീക്ഷണങ്ങൾ നടത്തുവാനായി അതിനുതകുന്ന ഉപകരണങ്ങൾ ലഭ്യമാക്കേണ്ടതായിട്ടുണ്ട്. ജ്യാമിതീയ ഉപകരണങ്ങൾ കുറെക്കൂടി ലഭ്യമാക്കി ഗണിതപഠനം മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാ ശേഷി വികസനത്തിന് അതിനുതകുന്ന സി.ഡി.കൾ ലഭ്യമാക്കുകയും അതിനുള്ള കമ്പ്യൂട്ടർ സംവിധാനങ്ങൾ കുറെക്കൂടി മെച്ചപ്പെടുത്തുകയും വേണം. കേരളത്തിന്റെ തനതു കലാരൂപങ്ങളായ കഥകളി, ഓട്ടംതുള്ളൽ, മോഹിനിയാട്ടം, ചെണ്ടമേളം etc. തുടങ്ങിയവയുടെ സി.ഡി.കൾ ലഭ്യമാക്കി കുട്ടികളുടെ കലാപഠനം മെച്ചപ്പെടുത്തണം. ഭൗതിക സാഹചര്യവുമായി ബന്ധപ്പെട്ട് സ്കൂളിലെ എല്ലാ ക്ലാസ് മുറികളിലെയും ഭിത്തികൾ പകുതിയോളം തടികൊണ്ടുള്ള എഴികകൾ ആണ്. ഇത് കാലപ്പഴക്കം കൊണ്ട് ജീർണിച്ചതുമാണ്. ഇവ മാറ്റി ഇഷ്ടിക കെട്ടി ഭിത്തി ബലപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതോടൊപ്പം സുഗമമായ വായുസഞ്ചാരത്തിനായി കൂടുതൽ ജനാലകളും സ്ഥാപിക്കണം. കുട്ടികൾക്ക് അസംബ്ലി നടത്തുവാനും വിവിധ പരിപാടികൾ നടത്തുവാനുമായി ഒരു അസംബ്ലിഹാൾ നിർമ്മിക്കേണ്ടതുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം സൗകര്യപ്രദമായി ഇരുന്ന് കഴിക്കുവാൻ ഒരു ഡൈനിംഗ് ഹാൾ നിർമ്മിക്കണം. കുട്ടികൾക്ക് കളിക്കുവാനായി കൂടുതൽ കളിയുപകരണങ്ങൾ ലഭ്യമാക്കണം. അതുപോലെ തന്നെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി ജൈവവൈവിധ്യ പാർക്കും ഒരു പച്ചക്കറി തോട്ടവും പൂന്തോട്ടവും നിർമ്മിക്കേണ്ടതുണ്ട്.

# ഉപസംഹാരം

ഒരു വിദ്യാലയം തുറക്കുമ്പോൾ ഒരു കാരാഗൃഹം ഇല്ലാതാകുന്നു എന്ന് വിശ്വപ്രശസ്ത സാഹിത്യകാരനായ വിക്ടർഹ്യൂഗോ പറഞ്ഞിട്ടുണ്ട്. വിദ്യാലയത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും പ്രസക്തി എത്രത്തോളം ഉണ്ടെന്ന് ഈ പ്രസ്താവന സാധൂകരിക്കുന്നു. ഒരു നാടിന്റെ അനേകം തലമുറകൾക്കായി അറിവിന്റെ വെള്ളിവെളിച്ചം പകർന്നുനൽകുന്ന മഹത്തായ കടമയാണ് ഒരു വിദ്യാലയം നിർവ്വഹിക്കുന്നത്. അത് അഭംഗുരം തുടർന്നുപോകേണ്ടത് അത്യന്താപേക്ഷിതമാണ്. മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയായ വിദ്യാഭ്യാസരംഗത്തെ സ്വകാര്യവൽക്കരണം ഇപ്പോൾ തന്നെ ദൂരവ്യാപകമായ ദോഷഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. ഈ കെടുതികൾക്ക് സമഗ്രവും ശാസ്ത്രീയവും സ്ഥായിയായതുമായ ബദലുകൾ സൃഷ്ടിക്കുന്നതിനുള്ള കർമ്മപദ്ധതിയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. അതിനാൽ കേരളത്തിന്റെ നവോത്ഥാനമൂല്യങ്ങൾ സംരക്ഷിക്കപ്പെടണം എന്നാഗ്രഹിക്കുന്ന ഓരോരുത്തരുടെയും കടമയാണ് ഈ യജ്ഞത്തിൽ പങ്കാളികളാകുക എന്നുള്ളത്. നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകവും മാതൃകയും കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.



" ഓരോ വീടും ഓരോ
വിദ്യാലയമാണ്,
മാതാപിതാക്കൾ അധ്യാപകരും"